# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 21.03.2026** | പ്രധാന വാർത്തകൾ | **TIME : 07.25 AM**

1. **രാജ്യത്തെ എല്ലാ എണ്ണ ശുദ്ധീകരണ ശാലകളും പൂർണ്ണ തോതിൽ പ്രവർത്തിക്കുന്നുണ്ടെന്നും, ആവശ്യത്തിന് അസംസ്കൃത എണ്ണയും പാചകവാതകവും സംഭരിച്ചിട്ടുണ്ടെന്നും കേന്ദ്രസർക്കാർ.**

   **Government reassures crude stocks are adequate, all refineries are running at full capacity, and LPG production steady and sufficient.**

2. **പശ്ചിമേഷ്യൻ സംഘർഷം രൂക്ഷമായി തുടരുന്നു; ഊർജ്ജ കേന്ദ്രങ്ങൾക്ക് നേരെ വ്യാപക ആക്രമണം; ബഹ്റൈൻ രാജാവുമായി സ്ഥിതിഗതികൾ ചർച്ച ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി.**

   **The West Asian conflict continues to escalate; widespread attacks on critical energy infrastructure; Prime Minister Narendra Modi discussed the situation with the King of Bahrain.**

3. **പുതിയ ആദായനികുതി നിയമത്തിന്റെ അവബോധ പ്രചാരണമായ പ്രാരംഭ് 2026 ന് കേന്ദ്ര മന്ത്രി നിർമ്മല സീതാരാമൻ ന്യൂഡൽഹിയിൽ തുടക്കം കുറിച്ചു.**

   **Union Minister Nirmala Sitharaman launched the awareness campaign for the new Income Tax Act, PRARAMBH 2026, in New Delhi.**

4. **കേരളത്തിൽ തിരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതം; പത്രിക സമർപ്പിക്കാനുള്ള സമയപരിധി മറ്റന്നാൾ അവസാനിക്കാനിരിക്കെ മൂന്ന് മുന്നണികളിലെയും പ്രമുഖർ ഇന്ന് പത്രിക നൽകും.**

   **Assembly Election Campaign Heats Up in Kerala as Top Leaders to File Nominations Today.**

5. വനവും സമ്പദ് വ്യവസ്ഥയും എന്ന പ്രമേയത്തിലൂന്നി ഇന്ന് അന്താരാഷ്ട്ര വനദിനം.

**International Day of Forests today with the focus on Forests and Economy.**

6. ഫ്രാൻസിൽ നടക്കുന്ന ഓർലിയൻസ് മാസ്റ്റേഴ്സ് ബാഡ്മിന്റൺ വനിതാ സിംഗിൾസിൽ ഇന്ത്യയുടെ തൻവി ശർമ്മയും ഇഷാറാണി ബറുവയും സെമിഫൈനലിൽ കടന്നു.

**India's Tanvi Sharma and Isharani Barua entered the semifinals of the Orleans Masters badminton women's singles in France.**

****************************************

## SUJATA SHARMA

രാജ്യത്തെ എല്ലാ എണ്ണ ശുദ്ധീകരണ ശാലകളും പൂർണ്ണ തോതിൽ പ്രവർത്തിക്കുന്നുണ്ടെന്നും, ആവശ്യത്തിന് അസംസ്കൃത എണ്ണയും പാചകവാതകവും സംഭരിച്ചിട്ടുണ്ടെന്നും കേന്ദ്രസർക്കാർ. കഴിഞ്ഞ ഒരു ആഴ്ചയ്ക്കിടെ 11 ആയിരത്തി 300 ടൺ വാണിജ്യ പാചകവാതകം ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയതായി പെട്രോളിയം പ്രകൃതിവാതക മന്ത്രാലയ ജോയിന്റ് സെക്രട്ടറി സുജാത ശർമ്മ അറിയിച്ചു. പശ്ചിമേഷ്യയിലെ സ്ഥിതിഗതികൾ സംബന്ധിച്ച് ന്യൂഡൽഹിയിൽ നടന്ന അന്തർ മന്ത്രാലയ വിശദീകരണ യോഗത്തിൽ സംസാരിക്കുകയായിരുന്നു അവർ. കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് എന്നിവ ഒഴിവാക്കുന്നതിനായി നാലായിരത്തി അഞ്ഞൂറിലേറെ പരിശോധനകൾ രാജ്യത്ത് ഉടനീളം നടന്നതായും അവർ അറിയിച്ചു. രാജ്യത്ത് പ്രീമിയം പെട്രോൾ വിലയിൽ വർധന ഉണ്ടായതായി പറഞ്ഞ ജോയിന്റ് സെക്രട്ടറി സാധാരണ പെട്രോളിന്റെ വില കൂടിയിട്ടില്ല എന്നും വ്യക്തമാക്കി.

*******************************

## RANDHIR JAISWAL (INTRO)

കഴിഞ്ഞ 24 മണിക്കൂറിനിടെ സമുദ്ര പര്യവേക്ഷണ മേഖലയിൽ അനിഷ്ട സംഭവങ്ങൾ ഒന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല എന്ന് തുറമുഖ-ജലപാത മന്ത്രാലയ സ്‌പെഷ്യൽ സെക്രട്ടറി രാജേഷ് കുമാർ സിൻഹ അറിയിച്ചു. അർമേനിയ-അസർബൈജാൻ പാതയിലൂടെ 284 തീർഥാടകർ അടക്കം 913 പൗരന്മാരെ സുരക്ഷിതരായി തിരികെയെത്തിച്ചതായി വിദേശാകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്‌സ്വാൾ വ്യക്തമാക്കി. വിവിധ രാജ്യങ്ങളിലെ നേതാക്കളുമായി പ്രധാനമന്ത്രി സംസാരിച്ചതായും സമാധാനത്തിന് ഇന്ത്യ നൽകുന്ന പ്രാധാന്യം വ്യക്തമാക്കിയതായും അദ്ദേഹം പറഞ്ഞു.

**(ഹോൾഡ്- ജയ്‌സ്വാൾ ............)**

ഗൾഫ് മേഖലയിൽ വ്യത്യസ്ത സംഭവങ്ങളിലായി ആറ് ഇന്ത്യക്കാർക്ക് ജീവൻ നഷ്ടമായതായും ഒരാളെ ഇനിയും കണ്ടെത്താനുണ്ടെന്നും വിദേശകാര്യ മന്ത്രാലയ ജോയിന്റ് സെക്രട്ടറി അസീം മഹാജൻ വ്യക്തമാക്കി.

*******************************

## BAHRAIN KING - PM MODI (INTRO)

ബഹ്‌റൈൻ രാജാവ് ഹമാദ് ബിൻ ഇസാ അൽ ഖലീഫയുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഫോൺ സംഭാഷണം നടത്തി. മേഖലയിലെ സ്ഥിതിഗതികൾ ഇരുവരും ചർച്ച ചെയ്തു. നിർണായക ഊർജ്ജ അടിസ്ഥാന സൗകര്യങ്ങൾക്ക് നേരെ വ്യാപക ആക്രമണങ്ങൾ നടന്നതോടെ പശ്ചിമേഷ്യൻ സംഘർഷം രൂക്ഷമായി തുടരുകയാണ്.

**വിശദാംശങ്ങളിലേക്ക്....**

***(വോയിസ്)***

*ഇറാന്റെ അർധസൈനികവിഭാഗമായ റെവലൂഷണറി ഗാർഡ് കോറിന്റെ വക്താവ് ജനറൽ അലി മുഹമ്മദ് നൈനിയെയും*

*ഐ.ആർ.ജി.സി.ക്കുകീഴിലെ സായുധവിഭാഗമായ ബാസിജ് സേനയുടെ ഇന്റലിജൻസ് മേധാവി ജനറൽ ഇസ്മായിൽ അഹമ്മദിയെയും വധിച്ചതായി ഇസ്രയേൽ അറിയിച്ചു. ഇന്നലെ ടെഹ്റാനിൽ നടത്തിയ വ്യോമാക്രമണത്തിലാണ് ഇരുവരും കൊല്ലപ്പെട്ടത്. രാത്രിയിൽ ഗൾഫ് രാജ്യങ്ങൾക്ക് നേരെ ഇറാന്റെ ആക്രമണ ശ്രമമുണ്ടായി. ദുബായിൽ ഡ്രോണുകൾ തകർത്തു. യുഎഇയിൽ, ഹബ്ഷാൻ ഗ്യാസ് പ്ലാന്റും ബാബ് എണ്ണപ്പാടവും താൽക്കാലികമായി അടച്ചു. സൗദിയിലും കുവൈത്തിലും വിവിധ മേഖലകളിൽ ആക്രമണം തടഞ്ഞു. ലെബനനിലും സ്ഥിതി സങ്കീർണ്ണമാണ്. ബാഫ്‌ലിയ, ഹാനൈൻ എന്നിവയുൾപ്പെടെയുള്ള തെക്കൻ പട്ടണങ്ങളിൽ ഇസ്രായേലി യുദ്ധവിമാനങ്ങൾ ആക്രമണം നടത്തി. ഹോർമുസ് കടലിടുക്ക് അടഞ്ഞു കിടക്കുന്നത് ആഗോള എണ്ണ, വാതക ഗതാഗതത്തെ ബാധിച്ചിട്ടുണ്ട്.*

***ന്യൂസ് ഡെസ്ക് ആകാശവാണി....***

******************************

## PREZ-MATHURA

രാഷ്ട്രപതി ദ്രൗപദി മുർമ്മുവിൻറെ ഉത്തർപ്രദേശ് സന്ദർശനം തുടരുന്നു. മഥുര ജില്ലയിലെ ഗോവർദ്ധനിൽ ദംഗ്ഹാട്ടി ക്ഷേത്രത്തിൽ രാഷ്ട്രപതി ഇന്ന് ദർശനം നടത്തും. വ്യാഴാഴ്ച ഉത്തർപ്രദേശിൽ എത്തിയ രാഷ്ട്രപതി ഇന്നലെ രാമകൃഷ്ണ മിഷൻ സേവാശ്രമ ആശുപത്രിയിൽ പുതുതായി സ്ഥാപിച്ച നന്ദ് കിഷോർ സോമാനി ഓങ്കോളജി ബ്ലോക്ക് ഉദ്ഘാടനം ചെയ്തിരുന്നു.

******************************

## VP- MAHARASHTRA VISIT

രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ ഇന്ന് മഹാരാഷ്ട്രയിൽ എത്തും. നാഗ്പൂരിലെ

മഹർഷി വ്യാസ് ഓഡിറ്റോറിയത്തിൽ നടക്കുന്ന 29-ാമത് ഇന്ത്യൻ യൂത്ത് പാർലമെന്റ് ദേശീയ സെഷനിൽ അദ്ദേഹം പങ്കെടുക്കും. തുടർന്ന്, രത്തൻ ടാറ്റ മഹാരാഷ്ട്ര സ്റ്റേറ്റ് സ്കിൽസ് സർവ്വകലാശാലയിലെ ബിരുദ ദാന ചടങ്ങിലും 64-ാമത് ജൈന ദീക്ഷാ ചടങ്ങിലും പങ്കെടുക്കാൻ അദ്ദേഹം മുംബൈയിലേക്ക് തിരിക്കും.

******************************

## MORN PRARAMBH-SITHARAMAN

2025 ലെ ആദായനികുനിതി നിയമത്തിന്റെ അവബോധ പ്രചാരണമായ പ്രാരംഭ് 2026 ന് കേന്ദ്ര മന്ത്രി നിർമല സീതാരാമൻ ന്യൂഡൽഹിയിൽ തുടക്കം കുറിച്ചു. അടുത്ത മാസം ഒന്നാം തീയതിയാണ് പ്രചാരണം ആരംഭിക്കുന്നത്. പുതിയ നിയമം ലളിതവും വ്യക്തവുമാണെന്നും അത് പ്രകാരം അനുമാന നികുതി പദ്ധതി ശക്തിപ്പെടുമെന്നും മന്ത്രി പറഞ്ഞു.

******************************

## S. JAISHANKAR

ദക്ഷിണ കൊറിയൻ ഉപവിദേശകാര്യ മന്ത്രി പാർക്ക് യൂൻ-ജൂവുമായി വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ ന്യൂഡൽഹിയിൽ ചർച്ച നടത്തി. ഉഭയകക്ഷി സഹകരണം മെച്ചപ്പെടുത്താൻ ചർച്ചയിൽ ധാരണയായി. ഓസ്ട്രേലിയൻ വിദേശകാര്യ മന്ത്രി പെന്നി വോങ്, കസാക്കിസ്ഥാൻ അംബാസഡർ അസമത് യെസ്കരായേവ്, ബംഗ്ലാദേശ് ഹൈക്കമ്മീഷണർ റിയാസ് ഹമീദുള്ള എന്നിവരുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തി, പശ്ചിമേഷ്യയിലെ സമകാലിക സാഹചര്യവും ഇന്തോ-പസഫിക് മേഖലയിലെ വിഷയങ്ങളും ചർച്ചയായി.

******************************

## ELECTION KERALA

കേരളത്തിൽ തിരഞ്ഞെടുപ്പ് പ്രചാരണം ഊർജിതമായി തുടരുന്നു. റംസാൻ ദിനമായ ഇന്നലെ സംസ്ഥാനത്ത് വിവിധ ജില്ലകളിൽ സ്ഥാനാർത്ഥികൾ പള്ളികളും വീടുകളും സന്ദർശിച്ച് വോട്ട് അഭ്യർത്ഥിച്ചു. കണ്ണൂർ ജില്ലയിലെ പേരാവൂർ മണ്ഡലം യുഡിഎഫ് സ്ഥാനാർത്ഥി സണ്ണി ജോസഫ്, എൽഡിഎഫ് സ്ഥാനാർത്ഥി കെ കെ ഷൈലജ, പയ്യന്നൂർ മണ്ഡലം എൻഡിഎ സ്ഥാനാർത്ഥി എ പി ഗംഗാധരൻ, കോട്ടയം പുതുപ്പള്ളി നിയോജക മണ്ഡലത്തിലെ യുഡിഎഫ് സ്ഥാനാർത്ഥി ചാണ്ടി ഉമ്മൻ, എൽഡിഎഫ് സ്ഥാനാർത്ഥി കെ എൻ രാധാകൃഷ്ണൻ ഉൾപ്പെടെയുള്ളവർ ഇന്ന് നാമനിർദ്ദേശ പത്രിക സമർപ്പിച്ചേക്കും. ഏപ്രിൽ ഒൻപതിന് വോട്ടെടുപ്പ് നടക്കുന്ന കേരളം, പുതുച്ചേരി, അസം എന്നിവിടങ്ങളിൽ മറ്റന്നാൾ വരെയാണ് പത്രിക സമർപ്പിക്കാനുള്ള സമയപരിധി. 24 നാണ് സൂക്ഷ്മ പരിശോധന. 26 വരെ പത്രിക പിൻവലിക്കാം. വോട്ടെണ്ണൽ മെയ് നാലിന് നടക്കും.

*******************************

## RATHAN U KELKAR (INTRO)

2026 കേരള നിയമസഭാ പൊതുതിരഞ്ഞെടുപ്പിന്റെ ഭാഗമായി പെരുമാറ്റച്ചട്ട ലംഘനങ്ങൾക്കെതിരെ പൊതുജനങ്ങൾക്ക് നേരിട്ട് പരാതി നൽകാനായി സജ്ജമാക്കിയ സിവിജിൽ സംവിധാനത്തിന് മികച്ച പ്രതികരണമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു ഖേൽക്കർ. ഇന്നലത്തെ കണക്കുകൾ പ്രകാരം സംസ്ഥാനത്താകെ 4,585 പരാതികളാണ് ഒറ്റദിവസം കൊണ്ട് ആപ്പിലൂടെ ലഭിച്ചത്.

**ഒരു റിപ്പോർട്ട്....**

*(വോയിസ്)*

*ലഭിച്ച 4,528 പരാതികളും അതിവേഗം പരിശോധിച്ച് തീർപ്പാക്കാൻ തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഫ്ലയിംഗ് സ്ക്വാഡുകൾക്കും മറ്റ് ഉദ്യോഗസ്ഥർക്കും സാധിച്ചതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ പറഞ്ഞു. നിയമസഭാ പൊതുതിരഞ്ഞെടുപ്പിൻറെ ഭാഗമായി മീഡിയ സർട്ടിഫിക്കേഷൻ ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തനം ആരംഭിച്ചു. പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ദൃശ്യ-സമൂഹമാധ്യമങ്ങളിൽ നൽകുന്ന രാഷ്ട്രീയ പരസ്യങ്ങളുടെ സാക്ഷ്യപ്പെടുത്തൽ, പെയ്ഡ് വാർത്തകളുടെ നിരീക്ഷണം എന്നിവ സംസ്ഥാന തലത്തിൽ അഡീഷണൽ സി.ഇ.ഒ. അധ്യക്ഷനായ നാലംഗ കമ്മിറ്റി നിർവഹിക്കുമെന്ന് അദ്ദേഹം അറിയിച്ചു. അംഗീകാരം ലഭിക്കാത്ത പരസ്യങ്ങൾ നൽകുന്നത് പെരുമാറ്റച്ചട്ട ലംഘനമായി കണക്കാക്കുമെന്നും കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻറെ മാർഗനിർദേശങ്ങൾ കൃത്യമായി പാലിക്കണമെന്നും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ നിർദ്ദേശിച്ചു.*

***ന്യൂസ് ഡെസ്ക് ആകാശവാണി...***

******************************

## SIR - KERALA

സംസ്ഥാനത്ത് വോട്ടർ പട്ടികയിൽ പുതിയതായി പേര് ചേർക്കാൻ മറ്റന്നാൾ വരെ സമയം. voters.eci.gov.in എന്ന വെബ്സൈറ്റിലൂടേയോ, ECINET മൊബൈൽ ആപ്ലിക്കേഷൻ വഴിയോ, ബൂത്തുതല ഓഫീസർ വഴിയോ അപേക്ഷിക്കാം.

******************************

## ECI-WB APPELLATE TRIBUNAL

പശ്ചിമ ബംഗാളിലെ തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി വോട്ടർ പട്ടികയിൽ വോട്ടർമാരെ ഉൾപ്പെടുത്തുന്നതും ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട അപ്പീലുകൾക്കായി കേന്ദ്ര

തിരഞ്ഞെടുപ്പ് കമ്മീഷൻ 19 അപ്പലേറ്റ് ട്രൈബ്യൂണലുകൾ രൂപീകരിച്ചു. ഈ മാസം 10-ാംതീയതി വന്ന സുപ്രീം കോടതിയുടെ ഉത്തരവ് പ്രകാരമാണ് അപ്പലേറ്റ് ട്രൈബ്യൂണലുകൾക്ക് രൂപം നൽകിയത്.

******************************

## INTERNATIONAL DAY OF FORESTS

ഇന്ന് അന്താരാഷ്ട്ര വനദിനം. നമ്മുടെ ജീവിതത്തിൽ വനങ്ങളുടെയും, വനപ്രദേശങ്ങളുടെയും, മരങ്ങളുടെയും പ്രാധാന്യത്തെക്കുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കുന്നതിനാണ് മാർച്ച് 21 ലോകമെമ്പാടും അന്താരാഷ്ട്ര വനദിനമായി ആചരിക്കുന്നത്. 2012 നവംബർ 28നാണ് ഐക്യരാഷ്ട്രസഭാ പൊതുസമ്മേളനം മാർച്ച് 21 അന്താരാഷ്ട്ര വനദിനമായി പ്രഖ്യാപിച്ചത്. വനവും സമ്പദ് വ്യവസ്ഥയും എന്നതാണ് ഈ വർഷത്തെ പ്രമേയം.

******************************

## REV. NT. BADMINTON-ORLEANS MASTERS

ഫ്രാൻസിൽ നടക്കുന്ന ഓർലിയൻസ് മാസ്റ്റേഴ്സ് ബാഡ്മിന്റൺ വനിതാ സിംഗിൾസിൽ ഇന്ത്യയുടെ തൻവി ശർമ്മയും ഇഷാറാണി ബറുവയും സെമിഫൈനലിൽ കടന്നു. ക്വാർട്ടർ ഫൈനലിൽ ജാപ്പനീസ് താരത്തെ 21-14, 21-14 ന് പരാജയപ്പെടുത്തിയാണ് തൻവിയുടെ ഫൈനൽ പ്രവേശം. ഇന്ന് നടക്കുന്ന സെമിയിൽ ജപ്പാന്റെ നെസോമി ഒകുഹാരെയാണ് തൻവിയുടെ എതിരാളി.

*

***********

************************************************